**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.40** | | **26.09.2016-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **ക്ഷേമപെൻഷനുകളുടെ വിതരണം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീ.പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** | |
| (എ) | ഓണത്തിനുമുമ്പ് ക്ഷേമ പെൻഷനുകളെല്ലാം വിതരണം ചെയ്യുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ താല്പര്യം അനുസരിച്ച് അവരുടെ ബാങ്ക് അക്കൗണ്ടുകൾ മുഖേനയും വീടുകളിൽ നേരിട്ട് വേണമെന്നാവശ്യപ്പെട്ടവർക്ക് പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേന വീടുകളിൽ നേരിട്ട് പണമായും വിതരണം ചെയ്തിട്ടുള്ളതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര പേർക്കു എത്ര മാസത്തെ പെൻഷൻ നൽകാൻ ബാക്കിയുണ്ടായിരുന്നു; ഏതെല്ലാം പെൻഷനുകളിൽ എത്ര തുകയാണ് കുടിശ്ശികയുണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 11.72 ലക്ഷം ഗുണഭോക്താക്കൾക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ടായിരുന്നു. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വ്യത്യസ്തമായ കാലയളവിലെ കുടിശ്ശികയാണ് നൽകാനുണ്ടായിരുന്നത്. മാത്രമല്ല ഗുണഭോക്താക്കൾക്ക് വ്യത്യസ്ത കാലയളവിലെ പെൻഷൻ കുടിശ്ശികയായിരുന്നു കൂടാതെ, പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേനയുള്ള പെൻഷൻ തടസ്സപ്പെട്ടിരുന്ന 4.54 ലക്ഷം ഗുണഭോക്താക്കൾക്ക് 2016 ജനുവരി മുതലുള്ള കുടിശ്ശിക നൽകിയിട്ടുണ്ട്. |
| (സി) | സഹകരണ ബാങ്കുകൾ മുഖേനയുള്ള ക്ഷേമപെൻഷൻ വിതരണത്തിൽ പ്രതിസന്ധികൾ നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പെൻഷൻ വെബ്സൈറ്റിൽ ലഭ്യമാക്കിയ ഗുണഭോക്തൃ വിവരങ്ങളിൽ വന്നിട്ടുള്ള തെറ്റുകൾമൂലം സഹകരണ ബാങ്കുകൾ മുഖേനയുള്ള പെൻഷൻ വിതരണത്തിൽ തുടക്കത്തിൽ ചെറിയ കാലതാമസം ഉണ്ടായി. |
| (ഡി) | ഫണ്ട് കൃത്യമായി ബാങ്കുകൾക്കു ലഭിക്കാത്തതിനാൽ പല പഞ്ചായത്തുകളിലും അർഹതയുള്ളവരിൽ പകുതിപ്പേർക്കേ പെൻഷൻ ലഭിച്ചിട്ടുള്ളൂ എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ആദ്യഘട്ടത്തിൽ കുറച്ചുപേർക്കു കുടിശ്ശിക സഹിതം പെൻഷൻ വിതരണം ചെയ്തെങ്കിലും പിന്നീടുള്ളവർക്കു തുക കുറഞ്ഞതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ബാക്കി തുക കുടിശ്ശിക സഹിതം എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ ? | (ഇ) | 32.47 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിശ്ശിക സഹിതവും കുടുംബശ്രീ മുഖേന നടത്തിയ സർവ്വേ പൂർത്തിയാക്കാൻ സാധിക്കാത്ത 3.02 ലക്ഷം ഗുണഭോക്താക്കളും 2016 ജൂലൈ മാസത്തിന് ശേഷം പെൻഷൻ അനുവദിച്ച 1.28 ലക്ഷം ഗുണഭോക്താക്കളും ഉൾപ്പെടെ 4.30 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിശ്ശിക ഒഴികെ 3 മാസത്തെ പെൻഷൻ തുകയുമാണ് നൽകിയിട്ടുള്ളത്. സർവ്വേ നടപടികൾ എത്രയും വേഗം പൂർത്തിയാക്കി ടി 3 ലക്ഷം ഗുണഭോക്താക്കൾക്കും കുടിശ്ശിക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ